പൂട്ടിയിടപ്പെട്ട ഹരിത സ്റ്റാളുകൾ

77 [1209] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടി കോർപ്പറേഷന്റെ എത്ര ഹരിത സ്റ്റാളുകൾ പച്ചക്കറി ദൗർലഭ്യം മൂലം പൂട്ടിയിട്ടുണ്ട്;

(ബി) ഇത് ഒഴിവാക്കുന്നതിനും ആവശ്യാനുസരണം പച്ചക്കറി ലഭ്യമാക്കുന്നതിനും കൃഷി വകുപ്പിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) ഇങ്ങനെ പൂട്ടപ്പെട്ട ഹരിത സ്റ്റാളുടമകൾ ഡെപ്പോസിറ്റായി സമർപ്പിച്ച തുക മടക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹോർട്ടികോർപ്പിന്റെ ഹരിത സ്റ്റാളുകൾ ഒന്നും പച്ചക്കറി ദൗർലഭ്യംമൂലം പൂട്ടിയിട്ടില്ല. പട്ടണങ്ങളിലും പ്രധാന റോഡുസൈഡിലും ഇരുന്ന സ്റ്റാളുകൾ നഗരസഭ/മുനിസിപ്പൽ അധികൃതർ എടുത്തു മാറ്റിയതുമൂലം പ്രസ്തുത സ്റ്റാളുകൾ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടി വന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുമായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. 2003-2004-ൽ സംസ്ഥാന പദ്ധതിപ്രകാരം ഹരിത സംഘങ്ങൾക്ക് (2 ഹെക്ടർ വരെ) ഹെക്ടർ ഒന്നിന് 8,000 രൂപ നിരക്കിൽ ധനസഹായം, സ്കൂൾ പച്ചക്കറിത്തോട്ട നിർമ്മാണം, പച്ചക്കറി വിത്ത് കിറ്റ് വിതരണം, പരിശീലനം എന്നിവയും, കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പച്ചക്കറി വിത്തുൽപ്പാദനം പരമ്പരാഗത പച്ചക്കറി കൃഷിക്കാർക്ക് ഹെക്ടറിന് 5,000 രൂപ നിരക്കിൽ ധനസഹായം, ജൈവകൃഷിയിലൂടെ ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനം, വിപണനം ശക്തിപ്പെടുത്തൽ, പ്രദർശനത്തോട്ട നിർമ്മാണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുംപുറമേ V.F.P.C.K. എന്ന സ്ഥാപനം വലിയ തോതിൽ പഴം പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നു. നഗരത്തിലൊരു നാട്ടിൻപുറം എന്ന സ്കീമിൽ പച്ചക്കറിയും പ്രോൽസാഹിപ്പിക്കുന്നു.

(സി) മറ്റു കാരണങ്ങളാൽ സ്റ്റാളുടമകൾ തങ്ങളുടെ സ്റ്റാളുകൾ പൂട്ടിയ കേസ്സുകളിൽ ഡെപ്പോസിറ്റ് തുക മടക്കി നൽകിയിട്ടുണ്ട്. അപേക്ഷ കിട്ടുന്ന മുറയ്ക്ക് ഡെപ്പോസിറ്റ് തുക മടക്കിക്കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly